**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ വാച്ച്മാൻ, ഓഫീസ് അറ്റൻഡന്റ്, ചെയിൻമാൻ എന്നീ തസ്തികകളുടെ പേര് ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ച്മാൻ എന്ന് പുനർനാമകരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ)നം.2947/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19/11/2018**

പരാമർശം:- 1. 09.01.2018 തിയതിയിലെ സ.ഉ. (സാധാ) നം. 90/2018/തസ്വഭവ

2. മുഖ്യനഗരാസൂത്രകന്റെ 15.10.2018 ലെ എ 6/4591/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗരഗ്രാമാസൂത്രണ വകുപ്പിൽ പരാമർശം 1 പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവന്റ് വിഭാഗത്തിൽപ്പെടുന്ന തസ്തികകളെ ഏകീകരിച്ച് ഓഫീസ് അറ്റൻഡന്റ്/ ചെയിൻമാൻ എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായിരുന്നു. എന്നാൽ വാച്ച്മാൻ തസ്തിക കൂടി ഏകീകൃത ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിൽ ഉൾപ്പെടുത്തി ഓഫീസ് അറ്റൻഡന്റ്/ ചെയിൻമാൻ/ വാച്ച്മാൻ എന്ന് തസ്തികയെ പുനർനാമകരണം ചെയ്യണമെന്ന് പരാമർശം 2 പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് നഗരഗ്രാമാസൂത്രണ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, ചെയിൻമാൻ, വാച്ച്മാൻ എന്നീ തസ്തികകൾ ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിലെ കാറ്റഗറി 2(കെ) യിൽ ഉൾപ്പെട്ട തസ്തികയായതിനാലും പ്രസ്തുത തസ്തികകളുടെ നിയമന രീതി ഒന്നുതന്നെയായതിനാലും ഭാവിയിൽ ഉയർന്ന ശമ്പള സ്കെയിലുകൾ ആവശ്യപ്പെടില്ല എന്ന ഉറപ്പിൻമേൽ മേൽ തസ്തികകളുടെ ജോലി സ്വഭാവം പരിഗണിച്ച് ഓഫീസ് അറ്റൻഡന്റ്/ചെയിൻമാൻ/വാച്ച്മാൻ എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**

**എസ്. മോഹൻദാസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ